**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 327** **05-08-2021 - ൽ മറുപടിയ്ക്ക്**

**സഹകരണ സംഘങ്ങൾ വഴിയുള്ള നെല്ല് സംഭരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. മാണി. സി. കാപ്പൻ | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ സീസണിൽ നെല്ല് സംഭരണം യഥാസമയം നടക്കാത്തത് മൂലം കർഷകർ ഉൽപ്പാദിപ്പിച്ച നെല്ല് പാടത്ത് കെട്ടിക്കിടന്ന് നശിച്ചുപോയ സ്ഥിതിവിശേഷം ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഇത് ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സഹകരണ സംഘങ്ങൾ വഴി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (എ) | 2020-21 സീസണിലെ ഒന്നാംവിള നെല്ല് സംഭരണത്തിന് ആദ്യം 5 മില്ലുകളുമായി സപ്ലൈ-കോ കരാറിൽ ഏർപ്പെടുകയും സംഭരണം ആരംഭിക്കുകയും ചെയ്തു. എന്നാൽ മറ്റ് മില്ലുകൾ നെല്ല് സംഭരണവുമായി സഹകരിക്കാൻ വിമുഖത കാണിച്ച സാഹചര്യത്തിൽ സഹകരണ സംഘങ്ങളെ കൂടി ഉൾക്കൊള്ളിച്ച് സംഭരണം നടത്തുവാൻ തീരുമാനിച്ചു. എന്നാൽ ബഹു. ഭക്ഷ്യ പൊതു വിതരണ വകുപ്പ് മന്ത്രി മില്ല് ഉടമകളുമായി നടത്തിയ ചർച്ചയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 50 മില്ലുകൾ സപ്ലൈ-കോ യുമായി കരാറിൽ ഏർപ്പെടുകയും നെല്ല് സംഭരണം ആരംഭിക്കുകയും ചെയ്ത സാഹചര്യത്തിൽ സഹകരണ സംഘങ്ങളെ നെല്ല് സംഭരണ നടപടികളിൽ നിന്നും ഒഴിവാക്കുകയുണ്ടായി. രണ്ടാം വിള നെല്ല് സംഭരണ സീസണിലും മില്ലുടമകളുമായി ഉണ്ടായിരുന്ന വിഷയങ്ങൾ ബഹു. ഭക്ഷ്യ പൊതു വിതരണ വകുപ്പ് മന്ത്രിയുടെയും ബഹു.കൃഷി വകുപ്പ് മന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ പരിഹരിക്കുകയും നെല്ല് സംഭരണം സുഗമമായി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. 2020-21 നെല്ല് സംഭരണ സീസണിൽ നെല്ല് സംഭരണം യഥാസമയം നടക്കാത്തതുമൂലം നെല്ല് പാടത്ത് കെട്ടിക്കിടന്ന് നശിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നെല്ല് സംഭരണ സമയത്ത് ഉടലെടുക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന്റെ ഭാഗമായി പാലക്കാട് ജില്ലയിലെ സഹകരണ സംഘങ്ങൾ ചേർന്ന് ഒരു കൺസോർഷ്യം രൂപീകരിക്കുകയും ടി കൺസോർഷ്യത്തിന്റെ ആഭിമുഖ്യത്തിൽ അത്യാധുനിക സൗകര്യങ്ങളോടു കൂടിയ ഒരു ആധുനിക റൈസ് മിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്താകെ അധികാരപരിധിയുള്ള ഒരു ഫെഡറൽ സൊസൈറ്റി രൂപീകരിച്ച് കുട്ടനാട്ടിലും അപ്പർ കുട്ടനാട്ടിലും രണ്ട് റൈസ് മില്ലുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഈ മില്ലുകൾ സ്ഥാപിതമാകുന്നതോടു കൂടി സമയബന്ധിതമായി നെല്ല് സംഭരിക്കുന്നതിന് കൂടുതൽ മെച്ചപ്പെട്ട നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (ബി) | നെല്ല് സംഭരണത്തിനായി പുതിയ സഹകരണ സംഘങ്ങൾ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | 2020-21 സീസണിലെ ഒന്നാംവിള നെല്ല് സംഭരണത്തിന് ആദ്യം 5 മില്ലുകളുമായി സപ്ലൈ-കോ കരാറിൽ ഏർപ്പെടുകയും സംഭരണം ആരംഭിക്കുകയും ചെയ്തു. എന്നാൽ മറ്റ് മില്ലുകൾ നെല്ല് സംഭരണവുമായി സഹകരിക്കാൻ വിമുഖത കാണിച്ച സാഹചര്യത്തിൽ സഹകരണ സംഘങ്ങളെ കൂടി ഉൾക്കൊള്ളിച്ച് സംഭരണം നടത്തുവാൻ തീരുമാനിച്ചു. എന്നാൽ ബഹു. ഭക്ഷ്യ പൊതു വിതരണ വകുപ്പ് മന്ത്രി മില്ല് ഉടമകളുമായി നടത്തിയ ചർച്ചയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 50 മില്ലുകൾ സപ്ലൈ-കോ യുമായി കരാറിൽ ഏർപ്പെടുകയും നെല്ല് സംഭരണം ആരംഭിക്കുകയും ചെയ്ത സാഹചര്യത്തിൽ സഹകരണ സംഘങ്ങളെ നെല്ല് സംഭരണ നടപടികളിൽ നിന്നും ഒഴിവാക്കുകയുണ്ടായി. രണ്ടാം വിള നെല്ല് സംഭരണ സീസണിലും മില്ലുടമകളുമായി ഉണ്ടായിരുന്ന വിഷയങ്ങൾ ബഹു. ഭക്ഷ്യ പൊതു വിതരണ വകുപ്പ് മന്ത്രിയുടെയും ബഹു.കൃഷി വകുപ്പ് മന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ പരിഹരിക്കുകയും നെല്ല് സംഭരണം സുഗമമായി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. 2020-21 നെല്ല് സംഭരണ സീസണിൽ നെല്ല് സംഭരണം യഥാസമയം നടക്കാത്തതുമൂലം നെല്ല് പാടത്ത് കെട്ടിക്കിടന്ന് നശിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നെല്ല് സംഭരണ സമയത്ത് ഉടലെടുക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന്റെ ഭാഗമായി പാലക്കാട് ജില്ലയിലെ സഹകരണ സംഘങ്ങൾ ചേർന്ന് ഒരു കൺസോർഷ്യം രൂപീകരിക്കുകയും ടി കൺസോർഷ്യത്തിന്റെ ആഭിമുഖ്യത്തിൽ അത്യാധുനിക സൗകര്യങ്ങളോടു കൂടിയ ഒരു ആധുനിക റൈസ് മിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ സംസ്ഥാനത്താകെ അധികാരപരിധിയുള്ള ഒരു ഫെഡറൽ സൊസൈറ്റി രൂപീകരിച്ച് കുട്ടനാട്ടിലും അപ്പർ കുട്ടനാട്ടിലും രണ്ട് റൈസ് മില്ലുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഈ മില്ലുകൾ സ്ഥാപിതമാകുന്നതോടു കൂടി സമയബന്ധിതമായി |

| | | | |
|---|---|---|---|
| | | | നെല്ല് സംഭരിക്കുന്നതിന് കൂടുതൽ മെച്ചപ്പെട്ട നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (സി) | ആധുനിക രീതിയിലുള്ള റൈസ് മില്ലുകൾ സഹകരണ സംഘങ്ങൾ വഴി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (സി) | 2020-21 സീസണിലെ ഒന്നാംവിള നെല്ല് സംഭരണത്തിന് ആദ്യം 5 മില്ലുകളുമായി സപ്ലൈ-കോ കരാറിൽ ഏർപ്പെടുകയും സംഭരണം ആരംഭിക്കുകയും ചെയ്തു. എന്നാൽ മറ്റ് മില്ലുകൾ നെല്ല് സംഭരണവുമായി സഹകരിക്കാൻ വിമുഖത കാണിച്ച സാഹചര്യത്തിൽ സഹകരണ സംഘങ്ങളെ കൂടി ഉൾക്കൊളളിച്ച് സംഭരണം നടത്തുവാൻ തീരുമാനിച്ചു. എന്നാൽ ബഹു. ഭക്ഷ്യ പൊതു വിതരണ വകുപ്പ് മന്ത്രി മില്ല് ഉടമകളുമായി നടത്തിയ ചർച്ചയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 50 മില്ലുകൾ സപ്ലൈ-കോ യുമായി കരാറിൽ ഏർപ്പെടുകയും നെല്ല് സംഭരണം ആരംഭിക്കുകയും ചെയ്ത സാഹചര്യത്തിൽ സഹകരണ സംഘങ്ങളെ നെല്ല് സംഭരണ നടപടികളിൽ നിന്നും ഒഴിവാക്കുകയുണ്ടായി. രണ്ടാം വിള നെല്ല് സംഭരണ സീസണിലും മില്ലുടമകളുമായി ഉണ്ടായിരുന്ന വിഷയങ്ങൾ ബഹു. ഭക്ഷ്യ പൊതു വിതരണ വകുപ്പ് മന്ത്രിയുടെയും ബഹു.കൃഷി വകുപ്പ് മന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ പരിഹരിക്കുകയും നെല്ല് സംഭരണം സുഗമമായി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. 2020-21 നെല്ല് സംഭരണ സീസണിൽ നെല്ല് സംഭരണം യഥാസമയം നടക്കാത്തതുമൂലം നെല്ല് പാടത്ത് കെട്ടിക്കിടന്ന് നശിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നെല്ല് സംഭരണ സമയത്ത് ഉടലെടുക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന്റെ ഭാഗമായി പാലക്കാട് ജില്ലയിലെ സഹകരണ സംഘങ്ങൾ ചേർന്ന് ഒരു കൺസോർഷ്യം രൂപീകരിക്കുകയും ടി കൺസോർഷ്യത്തിന്റെ ആഭിമുഖ്യത്തിൽ അത്യാധുനിക സൗകര്യങ്ങളോടു കൂടിയ ഒരു ആധുനിക റൈസ് മിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ സംസ്ഥാനത്താകെ അധികാരപരിധിയുള്ള ഒരു ഫെഡറൽ സൊസൈറ്റി രൂപീകരിച്ച് കുട്ടനാട്ടിലും അപ്പർ കുട്ടനാട്ടിലും രണ്ട് റൈസ് മില്ലുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഈ മില്ലുകൾ സ്ഥാപിതമാകുന്നതോടു കൂടി സമയബന്ധിതമായി നെല്ല് സംഭരിക്കുന്നതിന് കൂടുതൽ മെച്ചപ്പെട്ട നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (ഡി) | സഹകരണ സംഘങ്ങൾ വഴി സംഭരിച്ച നെല്ലിന്റെ വില സംഭരണ സ്ഥലത്തുവച്ച് തന്നെ നൽകുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | സഹകരണ സംഘങ്ങളെ നെല്ല് സംഭരണത്തിൽ നിന്നും ഒഴിവാക്കിയിരുന്നു. |

സെക്ഷൻ ഓഫീസർ